LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പഞ്ചായത്തുകളിലും ന്യായവില നിത്യോപയോഗ സാധന വിതരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

35 (998) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിൽ എത്ര ന്യായവില നിത്യോപയോഗ സാധന വിതരണ കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത്തരം ന്യായവില ഷോപ്പുകൾ തുറന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര പഞ്ചായത്തുകളിൽ തുടങ്ങുവാനുണ്ടെന്നും അതിനുള്ള തടസ്സം എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 95 ത്രിവേണി സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖേന 149 നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ 6 സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി മേഖലയിൽ 18 നീതിസ്റ്റോറുകൾ കൂടി പ്രവർത്തിച്ചു വരുന്നു. ഉത്സവകാല വിപണന കേന്ദ്രങ്ങൾ എന്ന പേരിൽ 58635 സബ്സിഡി വിപണന കേന്ദ്രങ്ങളും നടത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	നീതി സ്റ്റോറുകൾ	മത്സ്യ നീതി സ്റ്റോറുകൾ	ത്രിവേണി സ്റ്റോറുകൾ	ഉത്സവകാല വിപണി
1.	തിരുവനന്തപുരം	12	...	7	4710
2.	കൊല്ലം	17	...	9	5096
3.	ആലപ്പുഴ	11	9	7	3282
4.	പത്തനംതിട്ട	13	...	6	4115
5.	കോട്ടയം	22	...	5	3920
6.	ഇടുക്കി	16	...	3	2940
7.	എറണാകുളം	8	...	14	5162
8.	തൃശ്ശൂർ	14	...	8	5531
9.	പാലക്കാട്	15	...	9	3939
10.	മലപ്പുറം	5	...	13	4286
11.	കോഴിക്കോട്	1	2	5	4736
12.	വയനാട്	4(6)6 സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുവദിച്ചിരിക്കുന്നു	...	1	2062
13.	കണ്ണൂർ	2	3	5	4630
14.	കാസർഗോഡ്	3	4	3	2226
				ത്രിവേണി	2000
	ആകെ	143	18	95	58635

(ബി) ഗ്രാമ പഞ്ചായത്തുകൾ അടിസ്ഥാനമാക്കി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് സർക്കാരിന് പദ്ധതിയില്ല. എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്ന പദ്ധതി ഈ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കത്തക്ക വിധത്തിൽ പുരോഗമിച്ചു വരികയാണ്.

നീതി മെഡിക്കൽ സ്റ്റോറുകളിൽ മരുന്നു ലഭ്യമാക്കാൻ നടപടി

36 (999) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് :

(ബി) നീതി മെഡിക്കൽ സ്റ്റോറുകളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളിലെയും മരുന്നുകൾക്ക് ഒരേ വിലയാണ് ഈടാക്കുന്നത് എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ : എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 2 നീതി മെഡിക്കൽ സ്റ്റോറുകളും, സഹകരണ വകുപ്പിന്റെ കീഴിൽ സഹകരണ സംഘങ്ങൾ നടത്തുന്ന 67 നീതി മെഡിക്കൽ സ്റ്റോറുകളും ഉൾപ്പെടെ ആകെ 69 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നീതി മെഡിക്കൽ സ്റ്റോറുകളിൽ മരുന്ന് ലഭ്യത ഉറപ്പു വരുത്തുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു: മരുന്നു വിതരണക്കാരുടെ സംഘടനയായ എ.കെ.സി.ഡി.എ.-യുമായി സർക്കാർ തലത്തിലും, ഫെഡറേഷൻ നേരിട്ടും ചർച്ചകൾ നടത്തി ദീർഘകാലമായി നിലനിന്നിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി. തൃശ്ശൂർ ജില്ലയിലെ നീതി മെഡിക്കൽ വെയർ ഹൗസ് പുനഃസ്ഥാപിച്ച് മരുന്നു വിതരണം സുഗമമാക്കി. പ്രാദേശികമായി ഡോക്ടർമാർ കുറിച്ചുകൊടുക്കുന്ന മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ല എന്ന പരാതി പരിഹരിക്കുന്നതിനായി നിയന്ത്രണ വിധേയമായ ലോക്കൽ പർച്ചേസ് ഏർപ്പെടുത്തി. സെൻട്രലൈസ്ഡ് പർച്ചേസ് കാര്യക്ഷമമാക്കി. കേന്ദ്രീകൃത ഇൻവെന്ററി കൺട്രോൾ നടപ്പിലാക്കി. സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കി സ്റ്റോറുകളിലെ ഇൻസ്പെക്ഷൻ ശക്തമാക്കി.

(സി) ഫെഡറേഷൻ നേരിട്ട് നടത്തുന്ന എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളിലും ലോക്കൽ പർച്ചേഴ്സ് നടത്തുന്നവയല്ലാത്ത ഒരേ മരുന്നിന് ഒരേ വിലയാണ് ഈടാക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ഫെഡറേഷൻ മരുന്നുകൾ വിൽക്കുന്നത് ഈ നിബന്ധനയോടെയാണ്. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് എല്ലാ സംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly